# ഇറത്താഴിന്റെ പിമ്പിലും കൽക്കുരിശിനു മുമ്പിലും

ഡോ. എം. കുര്യൻ തോമസ്

**ദേ**വാലയങ്ങൾ ഉണ്ടായ കാലംമുതൽ അതിനു ചമയങ്ങളും വികസിച്ചുവന്നിട്ടുണ്ട്. പ്രാദേശിക പവിത്രതാ സങ്കൽപ്പമാണ് (concept of sacredness) ഇത്തരം അലങ്കാരങ്ങളുടെ രൂപീകരണത്തിൽ മുഖ്യപങ്കു വഹിക്കുന്നത്. അനുബന്ധ നിർമ്മിതികളുടെ കാര്യവും വിഭിന്നമല്ല. നിർമ്മാണ വസ്തുക്കളുടെയും സാങ്കേതിക വിദ്യയുടേയും ലഭ്യത, സാമ്പത്തിക സ്ഥിതി എന്നിവയുടെ പശ്ചാത്തലത്തിൽ ഇവയിൽ കാലികമായ കൂടിച്ചേരലുകൾ ഉണ്ടാകാം.

മലങ്കര നസ്രാണികളുടെ ദേവാലയ ശിൽപ്പത്തിന്റെ അടിസ്ഥാന സങ്കൽപ്പം ലാളിത്യമായിരുന്നു. കേരളീയ പവിത്രതാ സങ്കൽപ്പം പൊതുവെ ലാളിത്യത്തിൽ പടുത്തുയർത്തിയതാണന്നതാണ് ഇതിനു കാരണം. പൗരസ്ത്യ ക്രൈസ്തവ ദേവാലയങ്ങൾക്ക് അടിസ്ഥാന മാതൃകയായ യഹൂദരുടെ സിനഗോഗുകളും ലളിതമായ ആന്തരിക രൂപത്തോടുകൂടിയവയായിരുന്നു എന്നതും സ്വാധീനിച്ചേക്കാവുന്ന ഒരു ഘടകമാണ്. നസ്രാണികൾ പിൽക്കാലത്ത് ബന്ധം പുലർത്തിയ പേർഷ്യൻ സഭയും പ്രോൽസാഹിപ്പിച്ചിരുന്നത് രൂപരഹിതമായ ദേവാലയാന്തർഭാഗമാണ്.

വൈദീകനു പെരുമാറാൻ മാത്രം ഇടയുള്ള ഒരു ഇടുങ്ങി ഇരുണ്ട ക്ഷേത്രമാതൃകയിലുള്ള ഗർഭഗൃഹം മാത്രമായിരുന്നു പോർട്ടുഗീസ്-പൂർവ കാലത്തുള്ള മിക്ക നസ്രാണി ദേവാലയങ്ങളും. ഇതിനു മുമ്പിൽ ഒരു തുറന്ന മണ്ഡപവും ഉണ്ടാകാം. 16-ാം നൂറ്റാണ്ടിൽ പൊളിച്ചു മാറ്റിയ പാലയൂർ പള്ളിയേപ്പറ്റി ജേക്കബ് ഫെനീഷ്യോ എന്ന ജസ്യൂട്ട് നൽകുന്ന വിവരണവും ഇന്നും നിലനിൽക്കുന്ന തിരുവിതാംകോട് തോമയാർ കോവിലും ഈ നിഗമനം ശരിവയ്ക്കുന്നു. ത്രോണോസായി ഉപയോഗിക്കുന്ന ഒരു ലളിതമായ മേശ മാത്രമായിരുന്നു മദ്ബഹായിലെ ചമയം. കേരളീയ പവിത്രതാ സങ്കൽപ്പത്തിനും പേർഷ്യൻ സഭയുടെ വി. കുർബാനയേപ്പറ്റിയുള്ള കാഴ്ചപ്പാടിനും ഇത് തികച്ചും അനുരൂമായിരുന്നു താനും.

1498-ൽ ആരംഭിച്ച കേരളത്തിലെ പോർട്ടുഗീസ് അധിനിവേശം നസ്രാണിക്ക് ഭീമമായ സാമ്പത്തിക നേട്ടം പ്രദാനം ചെയ്തു. 18-ാം നൂറ്റാണ്ടുവരെ നസ്രാണി ഗതിവിഗതികളെ നിയന്ത്രിച്ച കുരുമുളക് ധനശാസ്ത്രം (Pepper economy) അതിന്റെ ഉച്ചസ്ഥായിയിൽ എത്തിയത് ഇക്കാലത്താണ്. നിലവിലുള്ള അങ്ങാടികളുടെ വികസനത്തിനും പുതിയവയുടെ സ്ഥാപനത്തിനും ഈ സാമ്പത്തിക വളർച്ച ഹേതുവായി. സ്വാഭാവികമായും ഈ പുരോഗതി അവരുടെ ദേവാലയങ്ങളിലും പ്രതിഫലിച്ചു. ഇന്നുള്ള പഴയ ദേവാലയ നിർമിതികളിൽ തോമയാർ കോവിൽ ഒഴികെ മറ്റുള്ളവ എല്ലാം 16-ാം നൂറ്റാണ്ടിൽ സ്ഥാപിച്ചവയോ പൊളിച്ചു പണിതവയോ ആണന്ന യാഥാർത്ഥ്യം ഈ സാമ്പത്തികോന്നമനത്തിന്റെ തെളിവാണ്.

പോർട്ടുഗീസ് അധിനിവേശം നസ്രാണിക്കു പ്രദാനം ചെയ്ത മറ്റൊരു പ്രധാന സംഗതി ജസ്യൂട്ട് മിഷിനറിമാരുടെ സഹവാസമായിരുന്നു. 16-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ നസ്രാണി - റോമൻ കത്തോലിക്കാ ബന്ധം താരതമ്യേനെ സംഘർഷരഹിതമായിരുന്നു. അതിനാൽ ജസ്യൂട്ട് മിഷിനറിമാർക്ക് നസ്രാണി ദേവാലയ നിർമിതിയിൽ പ്രകടമായ സ്വാധീനം ചെലുത്താൻ സാധിച്ചു. 16-ാം നൂറ്റാണ്ടിലെ മുട്ടുചിറ ലിഖിതത്തിൽനിന്നും ഈ സഹവാസം വ്യക്തമാകുന്നുണ്ട്. അക്കാലത്തെ നസ്രാണി ദേവാലയ സങ്കൽപ്പം റോമൻ കത്തോലിക്കാ സഭയുടെ പവിത്രതാ സങ്കൽപ്പമനുസരിച്ച് പൂർണ്ണമല്ലായിരുന്നു. അവയിൽ പാശ്ചാത്യ ചിന്തയ്ക്കനുരുപമായ ഭേദഗതികൾ വരുത്തുവാൻ അവർ ശ്രമിച്ചു. ഇതിന്റെ ഫലമായി ദേവാലയ വാസ്തുവിദ്യയിൽ ജസ്യൂട്ട് മിഷിനറിമാർ പ്രോൽസാഹിപ്പിച്ചിരുന്ന *ബാറോക്ക് ശൈലി* നസ്രാണികളേയും കാര്യമായി സ്വാധീനിച്ചു.

ഈ പശ്ചാത്തലത്തിലാണ് *ഇറത്താഴ്* നസ്രാണി ദേവാലയത്തിലേയ്ക്ക് കടന്നുവരുന്നത്. *റിട്രോടാബുലം* (*retrotabulum*) എന്ന ലത്തീൻ പദത്തിന്റെ കേരളീയ തദ്ഭവമാണ് *ഇറത്താഴ്*. *ത്രോണോസിന്റെ പിൻഭാഗത്ത് മറയുടെ രൂപത്തിൽ തടിയിലൊ കല്ലിലോ കൊത്തിയോ വരഞ്ഞോ നിർമ്മിച്ച ചിത്രമോ രൂപമോ മൊസൈക്കോ ഉള്ളടക്കം ചെയ്ത ഒരു വാസ്തു നിർമ്മിതി* (*...an architectural feature set up at the back of an altar, and generally taking the form of a screen framing a picture, carved or sculptured work in wood or stone, or mosaic ...*) എന്നാണ് *ഇറത്താഴി*ന് വ്യാഖ്യാനം നൽകുന്നത്. ത്രോണോസിന്റെ പിന്നിലെ ഇത്തരം കലാസൃഷ്ടിക്ക് കുറഞ്ഞത് പതിനൊന്നാം നൂറ്റാണ്ടു വരെയെങ്കിലും പഴക്കമുണ്ട്. തിരുസ്വരൂപങ്ങളെ അംഗീകരിക്കുന്നില്ലങ്കിലും ആംഗ്ലിക്കൻ സഭയും ഇറത്താഴിനെ പൂർണ്ണമായും നിരാകരിക്കുന്നില്ല. ബൈസന്റൈൻ ഓർത്തഡോക്സ് സഭകളുടെ ത്രോണോസിനു മുമ്പിലുള്ള *ഐക്കൺ വേലി* (*Iconostas*)യും ഇറത്താഴിന്റെ ഒരു വകഭേദമാണന്നു പറയാം.

ഒരർത്ഥത്തിൽ മലങ്കരയിലെ എല്ലാ പള്ളികളിലും ഇന്ന് ഇറത്താഴ് ഉണ്ടെന്നതാണ് വാസ്തുത. ഇറത്താഴിന്റെ ... A *retable is a framed altarpiece, raised slightly above the back of the altar or communion table, on which are placed the cross, ceremonial candlesticks and other ornaments. ...* എന്ന നിർവചനം പരിഗണിച്ചാൽ ത്രോണോസിൽ സ്ലീബാ, മെഴുകുതിരി മുതലായവ വയ്ക്കുന്ന മൂന്നു പടികളും ഒരു തരം ഇറത്താഴാണ്. ഇന്ന് ത്രോണോസിന്റെ ചമയങ്ങളായി ഉപയോഗിക്കുന്ന അലംകൃത മെഴുകുതിരിക്കാലുകൾ, റംശേത്തി, *മെസ്കിൻ സബിന* എന്നു പുനർ നാമകരണം ചെയ്ത സക്രാരി ഇവയും പോർട്ടുഗീസ് സംഭാവനകളാണ്.

ഇതു കൂടാതെ മൂന്നു തരത്തിലാണ് ഇറത്താഴ് നസ്രാണികൾക്കിടയിൽ ഉപയോഗത്തിൽ വന്നത്. ഒന്നാമതായി, തടിയിൽ

നിർമ്മിച്ച് ചിത്രങ്ങൾ ഉള്ളടക്കം ചെയ്തവ. മുളന്തുരുത്തി, പിറവം, കോട്ടയം വലിയപള്ളി തുടങ്ങിയ സ്ഥലങ്ങളിൽ ഇത് ഇന്നുമുണ്ട്. രണ്ടാമതായി, കിഴക്കേ ഭിത്തിയിൽ കുമ്മായത്തേപ്പിൽ തന്നെ രൂപപ്പെടുത്തിയത്. ഇതിൽ ചിത്രങ്ങൾ ഉണ്ടാവാനും ഇല്ലാതിരിക്കാനും സാദ്ധ്യതയുണ്ട്. ഇവയ്ക്ക് ദാരുനിർമ്മിതികളെ അപേക്ഷിച്ച് ശില്പചാതുര്യം കുറവാണ്. കുന്നംകുളം ആർത്താറ്റ് പള്ളിയിൽ ഇതിന്റെ മാതൃക ദർശിക്കാം. മൂന്നാമതായി, കിഴക്കേ ഭിത്തിയിൽ നേരിട്ട് ആലേഖനം ചെയ്തവ. ഏറ്റവും നല്ല ഉദാഹരണം കോട്ടയം ചെറിയപള്ളി.

നിർബന്ധം കൂടാതെ നസ്രാണി സ്വയം സ്വീകരിച്ച മദ്ബഹാ ചമയമാണ് ഇറത്താഴ്. 1599-ലെ *ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാ*കളിലോ 1606-ലെ *റോസിന്റെ നിയമാവലി*യിലോ ഇറത്താഴിനെപ്പറ്റി പരമാർശനം ഇല്ലന്നതുതന്നെ ഇതിനു തെളിവ്. അതുകൊണ്ടുകൂടിയാവണം 1653-ലെ കൂനൻകുരിശു വിപ്ലവത്തേയും അനന്തര സംഭവങ്ങളേയും ഇറത്താഴ് അതിജീവിച്ചത്. മലങ്കരയിൽ സത്യവിശ്വാസം പുനഃസ്ഥാപിച്ച 1686-ലെ ചെങ്ങന്നൂർ സുന്നഹദോസ്, റോമൻ കത്തോലിക്കർ അടിച്ചേൽപ്പിച്ച സ്വരൂപങ്ങളെ നിരാകരിച്ചെങ്കിലും ചിത്രങ്ങളുടെ ഉപയോഗം അനുവദിച്ചു എന്നതിനും ഇതിനൊരു കാരണമാണ്. ക്രമേണെ സ്വരൂപങ്ങൾ ഒഴിവാക്കപ്പെട്ടെങ്കിലും ഇറത്താഴ് നിലനിന്നു. പഴയ-പുതിയ നിയമ കഥകൾ, ക്രിസ്തുവിന്റെ ജീവിതം, ദൈവമാതാവ്, പരിശുദ്ധന്മാർ എന്നീ ഇറത്താഴ് ചിത്രീകരണങ്ങൾ സത്യവിശ്വാസികൾക്കും അംഗീകൃതമായിരുന്നു എന്നതാണ് കാരണം.

പക്ഷേ പതിനേഴാം നൂറ്റാണ്ടോടെ നസ്രാണികൾക്കിടയിൽ ഇറത്താഴിന്റെ നിർമ്മാണം നിലച്ചു. പുതിയ പള്ളികൾ ഉണ്ടായില്ല എന്നതുതന്നെ ഇതിനു മുഖ്യകാരണം. വീണ്ടും ദേവാലയ നിർമ്മാണ-പുനർനിർമ്മാണ പ്രവർത്തനങ്ങൾ സജീവമാകുന്ന പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് വിവിധ കാരണങ്ങളാൽ ഇറത്താഴ് ഒഴിവാക്കപ്പെട്ടു. പിന്നീട് ആ നൂറ്റാണ്ടിന്റെ അന്ത്യത്തോടെ മദ്ബഹാ ചമയമായി *കൂദേശ്കുദിശിൻ* സ്ഥാനംപിടിക്കുകയും ചെയ്തു. ഒരുപക്ഷേ മദ്ധ്യകാലഘട്ടത്തിനു ശേഷം മലങ്കരയിൽ ആദ്യമായി ഒരു പൂർണ്ണ ഇറത്താഴ് നിർമ്മിക്കപ്പെടുന്നത് ഇന്ന് കങ്ങഴ പള്ളിയിലാകാനാണ് സാദ്ധ്യത.

മദ്ബഹായ്ക്കുള്ളിലെ മദ്ബഹാ എന്ന് *കൂദേശ്കുദിശി*നെ വിശേഷിപ്പിക്കാം. ശുദ്ധതയുടെ ശുദ്ധസ്ഥലം എന്നാണ് ഈ സുറിയാനി പദത്തിന്റെ അർത്ഥം. വി. ത്രോണാസിന്റെ പദവി മുതൽ കിഴക്കോട്ടുള്ള ഭാഗം മറച്ച് തടികൊണ്ടുള്ള ഒരു കൊച്ചു മദ്ബഹാ - അതാണ് കൂദേശ്കുദിശിൻ. ഇതിൽ ത്രോണോസിനു മുകളിൽ ഒരു മേൽക്കൂര കാണും. ത്രോണോസിന്റെ മുമ്പിലുള്ള ഒരു വീതികുറഞ്ഞ ആർച്ചിലൂടെയായിരിക്കും വി. കുർബാന അർപ്പിക്കുന്ന പുരോഹിതനെ കാണുക. പുഷ്പങ്ങൾ, മുന്തിരിവള്ളി മുതലായവ കൂടാതെ വിവിധ ഗണങ്ങളിൽപ്പെട്ട മാലാഖമാരുടെ രൂപങ്ങളാണ് കൂദേശ്കുദിശിനിലെ അലങ്കാരപ്പണിയുടെ മുഖ്യഭാഗം. മുകളിൽ ഒരു കുരിശുമുണ്ടാകും. സ്വർണ്ണഗിൽറ്റ് ഇതിൽ നിർലോപം ഉപയോഗിച്ചിരിക്കും. എന്നാൽ കിഴക്കു ഭാഗത്തിന് കാര്യമായ കലാപ്രധാന്യം കൂദേശ്കുദിശിൻ നൽകുന്നില്ല.

പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലും ത്രോണോസിന്റെ മുകൾഭാഗത്ത് ഒരു തട്ട് (Ceiling) ഉണ്ടായിരുന്നു. സുരക്ഷാപരമായ കാരണങ്ങളാൽ ഉപയോഗത്തിലെത്തിയ ഈ മച്ച് താങ്ങി നിർത്തുവാൻ തൂണുകളും ആവശ്യമായിരുന്നു. സ്വാഭാവികമായി അവ അലങ്കാര പണികൾക്ക് വിധേയമായി. 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ കേരളം സന്ദർശിച്ച റവ. ജി. ബി. ഹൊവാർഡ് കായംകുളം പള്ളിയിലെ അതിമനോഹരമായ ഇത്തരമൊരു നിർമ്മിതിയുടെ വ്യക്തമായ ഒരു ചിത്രം നൽകുന്നുണ്ട്. അതേപോലെ പാശ്ചാത്യ സുറിയാനി സഭയിലും വികസിച്ച നിർമ്മിതിയാണ് ഇന്നത്തെ കൂദേശ്കുദിശിന്റെ പ്രാഗ്രൂപം. അന്ത്യോഖ്യൻ സഭയിൽ ഈ നിർമ്മിതി ഉണ്ടായിരുന്നതായി 1895-ൽ വിശുദ്ധ നാടു സന്ദർശിച്ച പ. പരുമല തിരുമേനി സാക്ഷിക്കുന്നുണ്ട്. വി. മത്തായിയുടെ ദയറായിലെ മദ്ബഹായിലും കൂദേശ്കുദിശിൻ ഉണ്ടായിരുന്നു. പക്ഷേ അവയുടെ തനിപ്പകർപ്പല്ല കേരളത്തിൽ പ്രചരിച്ചത്. 18-ാം നൂറ്റാണ്ടിന്റെ അന്ത്യപാദം മുതലാണ് കൂദേശ്കുദിശിനുകൾ മലങ്കരയിൽ നിർമ്മിച്ചു തുടങ്ങിയത്. 1890- 1920 കാലത്ത് പ്രധാന പള്ളികളിൽ പലതിലും കൂദേശ്കുദിശിൻ നിർമ്മിച്ച് കൂദാശ ചെയ്യപ്പെട്ടു. ലഭ്യമായ കൂദേശ്കുദിശിന്റെ വിവരണം, ദാരുശില്പവേലയിൽ അസാമാന്യപാടവം സിദ്ധിച്ച കേരളീയ ശില്പികളുടെ കൈയിൽ പൂർണവികാസം പ്രാപിക്കാൻ അധികകാലമെടുത്തില്ല. പരുമല സെമിനാരിയുടെ പൊളിച്ചുകളഞ്ഞ ചാപ്പൽ (ഇപ്പോൾ ആശുപത്രി ചാപ്പലിൽ പുനഃസ്ഥാപിച്ചിട്ടുള്ളത്), പഴയ സെമിനാരി എന്നിവിടങ്ങളിലാണ് ഏറ്റവും മനോഹരമായ കൂദേശ്കുദിശിനുകൾ ഉള്ളത്.

21-ാം നൂറ്റാണ്ടിന്റെ നസ്രാണി ദേവാലയങ്ങളുടെ വലിപ്പത്തിൽ ഉണ്ടായ വർദ്ധനവ് പുതിയൊരു മദ്ബഹാ ചമയത്തെപ്പറ്റി ചിന്തിക്കേണ്ട സാഹചര്യമുണ്ടാക്കി. പള്ളികളുടെ വലിപ്പത്തിന് ആനുപതികമായി മദ്ബഹായുടെ വലിപ്പവും ഉയരവും കൂടി. പക്ഷേ *വിട്ടുതുറന്നുകിടക്കുന്ന* മദ്ബഹാ, വി. കുർബാനയേക്കുറിച്ചുള്ള പൗരസ്ത്യ കാഴ്ചപ്പാടിന് വിരുദ്ധമാണ്. വിശുദ്ധ രഹസ്യങ്ങളുടെ ഗൂഡാത്മക (*റസലി* - Mystic) സ്വഭാവത്തിനു അത് ഭംഗം വരുത്തും. അതിനാൽ അത്തരം മദ്ബഹാകളോ, ഒന്നും മറയ്ക്കാത്ത ഇറത്താഴുപോലുമോ ഇവിടെ പര്യാപ്തമല്ല. ഗൂഡാത്മകത നിലനിർത്താനുതകുന്ന കൂദേശ്കുദിശിന്റെ വലിപ്പം ഒരു പരിധിയിലധികം വർദ്ധിപ്പിക്കാനാവില്ല. അപ്രകാരമൊരു നടപടി അതിന്റെ ലക്ഷ്യവും (Function) ഒതുക്കവും (Compactness) ഇല്ലാതാക്കും. വലിയൊരു മദ്ബഹായിൽ ആനുപാതികമല്ലാത്ത ചെറിയൊരു കൂദേശ്കുദിശിൻ തികച്ചും അഭംഗിയാണ്.

ഈ സാഹചര്യത്തിലാണ് കങ്ങഴപ്പള്ളിയിൽ പുതിയൊരു രൂപമാതൃക വികസിപ്പച്ചെടുത്ത്. വലിയ മദ്ബഹാകൾക്ക് അനുരൂപമായ ഇറത്താഴും വി. കുർബാനയേക്കുറിച്ചുള്ള പൗരസ്ത്യ സങ്കൽപ്പം നിലനിർത്തുന്ന കൂദേശ്കുദിശിനും സമജ്ഞസിപ്പിച്ച് പുതിയൊരു മദ്ബഹാ ചമയം അവിടെ നിർമ്മിച്ചു. ക്രിസ്തുവിന്റെ ജീവിതം, പരിശുദ്ധന്മാർ ഇവരെ ചിത്രീകരിച്ച ഇറത്താഴും ത്രോണോസിനെ മൂടുന്ന കൂദേശ്കുദിശിനും തികച്ചും പൗരസ്ത്യമായ രീതിയിൽ മദ്ബഹായെ രൂപാന്തരപ്പെടുത്തി. വിവിധ സംസ്കാരങ്ങളെ സ്വാംശീകരിക്കുന്ന പുരാതന ക്രൈസ്തവ പാരമ്പര്യത്തിന്റെ പ്രകടനമാണ് ഈ നടപടി. നൂറ്റാണ്ടുകളിൽ ക്രിസ്തുമാർഗ്ഗം വളർന്നതും ഇപ്രകാരമാണ്. നസ്രാണികലുടെ കൊടിമരം തന്നെ ഇതിനു പ്രകടമായ ഉദാഹരണമാണ്.

കൊടിയടയാളം ക്രിസ്തുമതം ലോകമാസകലം ഉപയോഗിക്കുന്നുണ്ടെങ്കിലും *കൊടിയേറ്റ്* നസ്രാണിക്കുമാത്രം സ്വന്തമാണ്. അതിനാൽ അവരുടെ ദേവാലയ ധ്വജസ്തംഭങ്ങൾക്കും ഇതര ക്രൈസ്തവ താരതമ്യമില്ല. ബുദ്ധ മഹാപ്രസ്ഥാനം, നമ്പൂതിരി ക്ഷേത്രോൽസവങ്ങൾ, ദ്രാവിഡ *കാവ്* അനുഷ്ഠാനങ്ങൾ ഇവയിൽനിന്നും ക്രൈസ്തവമായ മാനത്തോടെ രൂപംകൊടുത്ത *പെരുന്നാൾ* എന്ന ആഘോഷമാണ് നസ്രാണിക്ക് കൊടിമരവും കൊടിയേറ്റും സമ്മാനിച്ചത്. പാശ്ചാത്യ മാനദണ്ഡത്തിലെ *തിരുന്നാൾ*

(feast) നസ്രാണിയുടെ പെരുന്നാളിൽനിന്നും തികച്ചും വ്യത്യസ്ഥമാണ്. സാധാരണയയായി പെരുന്നാളിൽ ഒരു തിരുന്നാൾ ഉൾപ്പെടുമെങ്കിലും എപ്പോഴും അങ്ങനെ ആകണമെന്നില്ല. (ഉദാ. കല്ലിട്ട പെരുന്നാൾ). പള്ളിപ്പെരുന്നാൾ തികച്ചും കേരളീയമായ ഉൽസവ പശ്ചാത്തലത്തിൽനിന്നു ഉടലെടുത്തതാണ്. അത് മറച്ചുവെയ്ക്കേണ്ട കാര്യമില്ല. ഇതിനെ ഇന്ത്യയിലെ ദേശീയ ക്രൈസ്തവതയുടെ ഒരു തനതു പ്രതീകമായി ധൈര്യപൂർവം കണക്കാക്കാം.

*മുളയിട്ട്* (നവധാന്യങ്ങൾ മുളപ്പിച്ച്), *കൂറയിട്ട്* (കൂറപവിത്രം - ധ്വജം - ആരോഹണം ചെയ്ത്), *പടഹാദി* (വാദ്യമേളങ്ങളോടെ) എന്നിങ്ങനെ മൂന്നു വിധത്തിലാണ് അനുഷ്ഠാനപരമായ കേരളീയ ഉൽസവങ്ങൾ ആരംഭിക്കുന്നത്. ഇവയിൽ *കൂറയിട്ട്* എന്ന കൊടിയേറ്റു രീതിയാണ് നസ്രാണി സ്വീകരിച്ചത്. പടഹാദി പൂർണ്ണമായും ഉപേക്ഷിച്ചെന്നു പറയാനുമാവില്ല. കാരണം കൊടിയേറ്റിനു ചെണ്ടമേളവും കതിനാവെടികളും ഇന്നും നിലനിൽക്കുന്നുണ്ട്. പൊതുവെ മുഖ്യദിനത്തിന് എട്ടുദിവസംമുമ്പ് കൊടിയേറുക എന്നതാണ് നസ്രാണി വഴക്കം. അന്നു മുതൽ മുഖ്യ പെരുന്നാൾ വരെ പ്രഭാത-പ്രദോഷ സന്ധ്യകളിൽ വെടിവയ്ക്കുക എന്നതും പാരമ്പര്യമാണ്.

*സ്ഥിരം കൊടിമരം* എന്നത് കേരളത്തിലെ ഒരു പിൽക്കാല വികസനമാണ്. ഓരോ ഉൽസവത്തിനും അനുഷ്ഠാനപരമായി വെട്ടിയെടുത്ത കമുക് ആഘോഷമായി കൊണ്ടുവന്ന് സ്ഥാപിച്ച് കൊടിയേറ്റുക എന്നതായിരുന്നു പതിവ്. നസ്രാണിയും അനുവർത്തിച്ചിരുന്നത് ഈ പതിവാണ്. ലക്ഷണമൊത്ത കമുക് മുറിവായിൽ തേനൊഴിച്ച് നിലംതൊടാതെ മുറിച്ചടുക്കും. ഇപ്രകാരം വെട്ടുന്നത് അതത് ദേവസ്ഥാനത്ത് - പള്ളിയായാലും - അവകാശമുള്ള മരയാശാരി ആയിരിക്കണമെന്ന് നിർബന്ധമാണ്. അവിടെനിന്നും നിലംതൊടാതെ കൈകളിലേന്തി വാദ്യമേളങ്ങളുടെയും കതിനാവെടികളുടെയും അകമ്പടിയോടെ പള്ളിയിലെത്തിക്കും. തുടർന്ന് ആശാരിതന്നെ തലമുറിച്ച് തൊലിചെത്തി മുകളിൽ മരക്കുരിശ് ഉറപ്പിക്കും. മാവില, കമുകിൻപൂക്കുല ഇവ കൊണ്ട് അലങ്കരിച്ച കൊടിമരം പള്ളി നടയിൽ കുഴിച്ചിടും. നടയ്ക്കു നേരെ ഏതാനും സെന്റീമീറ്റർ ഇടതോ വലതോ മാറി എന്നതാണ് ശാസ്ത്രപ്രകാരം കൊടിമരത്തിന്റെ ഉത്തമസ്ഥാനം. ദേവസ്ഥാനത്തിന്റെ അളവുമായി ബന്ധപ്പെടുത്തിയാണ് കൊടിമരത്തിന് ഉയരം നിശ്ചയിയ്ക്കുക. *കൊടിയേറ്റാൻ കത്തനാരുവേണം* എന്നതും ഇതിന്റെ അനുഷ്ഠാനപരതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

താൽക്കാലികമായ കമുകിൽനിന്നും സ്ഥിരം കൊടിമരത്തിലേയ്ക്കുള്ള പരിണാമമായിരുന്ന അടുത്തത്. കരിങ്കൽ തറയിൽ ലക്ഷണമൊത്ത ഒറ്റത്തടി തേക്കു ചെത്തിയെടുത്ത് സ്ഥാപിച്ച് അതിൽ ചെമ്പ്/പിത്തള *പറകൾ* ഇറക്കിയാണ് സ്ഥിരം കൊടിമരം നിർമ്മിച്ചിരുന്നത്. നൂറ്റാണ്ടുകൾ നിലനിൽക്കുന്ന ഇത്തരം കൊടിമരങ്ങളുടെ മുകളിൽ ക്ഷേത്രങ്ങളിലാണങ്കിൽ അതത് ക്ഷേത്രത്തിലെ മുഖ്യ ദേവതയുടെ വാഹനമായ മൃഗം/പക്ഷിയും, നസ്രാണിപ്പള്ളിയിലാണെങ്കിൽ കുരിശുമാണ് സ്ഥാപിക്കുക. ഇടക്കാലത്ത് സ്റ്റീൽ പൈപ്പുകൾ കൊടിമരത്തിനായി ഉപയോഗിച്ചെങ്കിലും അവയ്ക്കു പകരം ഇന്നു പരമ്പരാഗതമായ ചെമ്പുപറയിലേയ്ക്ക് മടങ്ങിവരികയാണ്. മിക്ക ക്ഷേത്രങ്ങളിലും ഉള്ളിലെ തേക്കിന്റെ സ്ഥാനത്ത് ഇന്നു കോൺക്രീറ്റ് ഇടംപിടിച്ചെങ്കിലും മൊത്തത്തിൽ ഇതൊരു ശുഭ ലക്ഷണമാണ്.

പള്ളിക്കൊടിമരങ്ങളുടെ ഉയരത്തിന് ഇന്ന് പ്രത്യേക മാനദണ്ഡങ്ങളൊന്നും പൊതുവേ പാലിക്കുന്നില്ല. എന്നാൽ ഭൂമി, മണ്ണിൽനിന്നും മെനഞ്ഞ ആദിമനുഷനായ ആദാമിനേയും, മുകളിലെ കുരിശ് യേശുക്രിസ്തുവിനേയും പ്രതീകവൽക്കരിച്ച് ആദം മുതൽ യേശുക്രിസ്തുവരെയുള്ള തലമുറകളുടെ എണ്ണത്തിനു സമമായ ഖണ്ഡങ്ങൾ കൊടിമരത്തിന് വേണമെന്ന തോമസ് മാർ അത്താനാസ്യോസ് സീനിയർ മെത്രാപ്പോലീത്തായുടെ നിർദ്ദേശം തികച്ചു പരിഗണനാർഹമാണ്.

തടിയുടെ സ്ഥാനത്ത് കരിങ്കൽ ധ്വജസ്തംഭങ്ങൾ അതീവ വിരളമാണ്. നിർമ്മാണ വൈഷമ്യമാണ് ഇതിന് മുഖ്യ കാരണം. ഇത്രയും നീളം ലഭിക്കാൻ അപൂർവ പ്രത്യേകതകളുള്ള സവിശേഷയിനം കരിങ്കല്ലുവേണം. അതിനതിസാധാരണമായ സാങ്കേതിക വൈദഗ്ദ്യമുള്ളവർക്കുമാത്രമേ ഇതു കൊത്തിയെടുക്കാനും സ്ഥാപിക്കാനും സാധിക്കൂ. അവസാന നിമിഷംപോലും നിർമ്മാണ തകരാറുവരാൻ വളരെയധികം സാദ്ധ്യതയുണ്ട്. അത്തരം സാഹചര്യത്തിൽ അതുപേക്ഷിച്ച് പുതിയതു നിർമ്മിക്കുക മാത്രമാണ് ഏക പ്രതിവിധി. ഇത്തരം ക്ലിഷ്ടതകളലാണ് ശിലാധ്വജസ്തംഭ നിർമ്മാണം പുരോഗമിക്കാതിരുന്നത്.

21-ാം നൂറ്റാണ്ടിന്റെ ആദ്യ ദശാബ്ദം വരെ തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിൽ മാത്രമായിരുന്നു കേരളത്തിൽ കരിങ്കൽ കൊടിമരം ഉണ്ടായിരുന്നത്. ഇന്ന് പ്രത്യേക മേൽപ്പുര നിർമ്മിച്ച് അതിനെ സംരക്ഷിക്കുന്നു. 2011-ൽ *തോമയാർ കോവിലെന്ന* തിരുവിതാംകോട് അരപ്പള്ളിയിൽ പൂർണ്ണമായ ശിലാധ്വജസ്തംഭം സ്ഥാപിച്ചു ചരിത്രം സൃഷ്ടിച്ചു. ഇതിൽ ആകൃഷ്ടനായ പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ 2012-ൽ ദേവലോകം കാതോലിക്കേറ്റ് അരമനയിലും കരിങ്കൽ കൊടിമരം സ്ഥാപിച്ചു. ഇന്ന് അറിയപ്പെടുന്നത് ഈ മൂന്നു ശിലാധ്വജസ്തംഭങ്ങൾ മാത്രമാണ്. നിർമ്മാണ പ്രക്രിയയുടെ സങ്കീർണ്ണത ഇന്നും കരിങ്കൽ കൊടിമരം ഭൂരിപക്ഷത്തിനും ഒരു പ്രഹേളികയായി അവസാനിക്കുകയാണ്. പക്ഷേ കൽക്കുരിശുകൾ നസ്രാണികൾ പരക്കെ ഉപയോഗിച്ചുവന്നിരുന്നു താനും.

നസ്രാണികൾക്ക് കൽക്കുരിശുകൾ ഉണ്ടായത് ഏതു കാലത്തെന്നു വ്യക്തമല്ല. പരന്ന കരിങ്കൽ പ്രതലത്തിൽ കൊത്തിയെടുത്തതും പേർഷ്യൻ കുരിശുകളെന്നു തെറ്റായി വിളിക്കപ്പെടുന്നതുമായ മാർത്തോമ്മാ കുരിശുകൾക്ക് ക്രിസ്തുവർഷം എട്ടാം ശതകംവരെയെങ്കിലും പഴക്കമുണ്ട്. പക്ഷേ അവയിൽ അപൂർവം ചിലതുമാത്രമാണ് ശേഷിക്കുന്നത്. ഇവ പ്രായേണ പള്ളികൾക്കുള്ളിലാണ് കാണപ്പെടുന്നത്.

എന്നാൽ പള്ളിക്കുപുറത്തു കാണുന്ന കരിങ്കൽ കുരിശുകൾക്ക് സവിശേഷമായ പ്രാധാന്യവും പ്രത്യേകതകളുമുണ്ട്. പള്ളികളേക്കാളുപരി നസ്രാണി അങ്ങാടിയുടെ സാന്നിദ്ധ്യമാണ് ഇത്തരം കൽക്കുരിശുകൾ പ്രതിനിധീകരിക്കുന്നത്. കോട്ടയം താഴത്തങ്ങാടിയിലെ മാർ ബഹനാം സഹദായുടെ നാമത്തിലുള്ള കൽക്കുരിശാണ് കോട്ടയത്തെ ആദ്യത്തെ *ക്രൈസ്തവ ദേവസ്ഥാനം* എന്നാണ് കരുതപ്പെടുന്നത്. കോട്ടയം വലിയപള്ളി സ്ഥാപിക്കപ്പെടുന്നത് അതിനു ശേഷമാണ്. ഓരോ ദേശങ്ങളിൽ വർത്തക വർഗ്ഗമായ നസ്രാണികൾ കുടിയേറി അങ്ങാടികൾ സ്ഥാപിച്ച് ആവസമുറപ്പിക്കുമ്പോൾ അതിനെ പ്രതീകവൽക്കരിക്കേണ്ടത് അവരുടെ സാമ്പത്തികമായ ഒരു ആവശ്യകത കൂടിയായിരുന്നു. സത്യസന്ധവും രാജകീയ പരിരക്ഷയുള്ളതുമായ നസ്രാണി അങ്ങാടിയെ വിളംബരം ചെയ്യുന്ന *നഗരതോരണം* ആയിരുന്നു ആദ്യകാല കൽക്കുരിശുകൾ. അതിനാലാണ് അവ

പള്ളി നടയ്ക്കുപകരം അങ്ങാടിയുടെ പ്രവേശനകവാടത്തിലോ കടവുകളിലോ സ്ഥിതിചെയ്യുന്നത്. പിൽക്കാലത്താണ് അവ പള്ളിനടയിൽ സ്ഥാനം പിടിച്ചുതുടങ്ങിയത്.

പോർട്ടുഗീസു കാലഘട്ടത്തിൽ ക്രിസ്തുവിന്റെ പീഡാനുഭവം പോലെയുള്ള പാശ്ചാത്യ പ്രതീകങ്ങൾ ഇത്തരം കൽക്കുരിശുകളുടെ പീഠങ്ങളിൽ സ്ഥാനം പിടിച്ചെങ്കിലും ആദ്യകാല ക്രൈസ്തവ പ്രതീകങ്ങളായ മൽസ്യം, പതാകവഹിക്കുന്ന ആട്, മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ പ്രതീകമായ *ഇരട്ട മയിൽ* ഇവയായിരുന്നു കൽക്കുരിശുകളുടെ പീഠം അലങ്കരിച്ചിരുന്നത്. മാലാഖാമാരും അപൂർവമായിരുന്നില്ല. ഇവയേക്കാളൊക്കെ ഉപരി, ബുദ്ധസതൂപങ്ങളിൽനിന്നും സ്വാംശീകരിച്ച, കമഴ്ത്തിവെച്ച താമരയ്ക്കുള്ളിൽ (Inverted Lotus) കുരിശു നിൽക്കുന്നതുപോലെയായിരുന്നു കൽക്കുരിശിന്റെ പീഠം കൊത്തിയെടുത്തിരുന്നത്. ഇത്തരം പീഠംതന്നെ നമ്പൂതിരി ക്ഷേത്രങ്ങളിലെ ബലിക്കല്ലും, ബുദ്ധചൈത്യങ്ങളിലെ സ്തൂപങ്ങളുമായി അത്ഭുതാവഹമായ സമാനത പുലർത്തുന്ന നിർമ്മിതികളാണ്.

കുറഞ്ഞത് മൂന്ന്, ലംബമായി (vertical) രണ്ടും തിരശ്ചീനമായി (horizontal) ഒന്നും, കരിങ്കൽ തുലാങ്ങൾ ഉപയോഗിച്ചാണ് ഇത്തരം കുരിശുകൾ നിർമ്മിക്കുന്നത്. മേലെഴുത്തുകൂടി ഉണ്ടെങ്കിൽ തിരശ്ചീനമായും രണ്ടു തുലാങ്ങൾ ഉണ്ടാകും. ലക്ഷണയുക്തമായ പ്രത്യേകയിനം ശിലകൊണ്ടുമാത്രമേ ഇത്തരം തുലാങ്ങൾ നിർമ്മിക്കാനാവു. കേവലം ഭൂഗുരുത്വം (gravity) കൊണ്ടുമാത്രം തുലനംചെയ്യപ്പെടുന്ന കൽക്കുരിശ് *ഉയർത്തുക* എന്നത് സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്. അതു ചെരിയുകയോ വളയുകയോ ചെയ്യാൻ പാടില്ല. കൃത്യമായി ഉയർത്തിയ കുരിശ് പിന്നീട് ചെരിയുകയില്ല. വളയുന്ന പ്രശ്നവുമില്ല.

കുരിശിനും പീഠത്തിനും വ്യക്തമായ തച്ചുശാസ്ത്ര പരിമാണങ്ങളുണ്ട്. കേരളത്തിലെ ഏറ്റവും ഉയരംകൂടിയ കൽക്കുരിശ് കടുത്തുരുത്തിയിലും ഏറ്റവും മനോഹരം ചെങ്ങന്നൂരുമാണ്. ഒരുപക്ഷേ ഏറ്റവും പ്രശസ്തം കോട്ടയം പുത്തനങ്ങാടി കുരിശുപള്ളിക്കുള്ളിലേതും.

ലോകത്ത് ലഭ്യമായ എല്ലാ നല്ല മാതൃകകളെയും സ്വാംശീകരിച്ച് സ്വയം പുഷ്ടിപ്പെടുക എന്നതാണ് ഇന്ത്യൻ സംസ്കാരത്തിന്റെ കാതൽ. ഈ ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമായ നസ്രാണിയും ഈ സമ്പുഷ്ടീകരണ പ്രക്രിയയ്ക്ക് നിരന്തരം വിധേയമായിക്കൊണ്ടിരിക്കുകയാണ്. ദ്രാവിഡമായ ഉൽസവവും, *ആര്യമായ* ധ്വജസ്തംഭവും, ക്രൈസ്തവമായ അങ്ങാടിക്കുരിശും, ജസ്യൂട്ടുകൾ അവതരിപ്പിച്ച ഇറത്താഴും, അന്ത്യോഖ്യൻ സഭയുടെ കൂദേശ്കുദിശിനും നസ്രാണികൾ തനതായ രീതിയിൽ സ്വന്തമാക്കിയത് പൊതുവായ ഈ സാംസ്കാരിക സങ്കലനത്തിന്റെ ഭാഗമായാണ്. അത് അവരുടെ പൈതൃകവുമാണ്.

നസ്രാണിയുടെ കാലാകാലങ്ങളിലെ സാമ്പത്തികോന്നമനം അവരുടെ ദേവാലയ നിർമ്മിതിയിൽ ശരിക്കും പ്രതിഫലിച്ചിട്ടുണ്ട്. പക്ഷേ പൈതൃകങ്ങളെ തച്ചുടയ്ക്കുന്നതടക്കം പലപ്പോഴും അത് വഴിവിട്ടു പോയിട്ടുണ്ടെന്നതും യാഥാർത്ഥ്യമാണ്. എങ്കിലും യഹോവ ഹഗ്ഗായി പ്രവാചകനോട് ... *ഈ ആലയം നശിച്ചു കിടക്കുമ്പോൾ നിങ്ങൾ മച്ചിട്ട മന്ദിരങ്ങളിൽ വസിക്കുകയാണോ?* ... (ഹഗ്ഗായി 1.4, *പശീത്താ*) എന്ന് ചോദിച്ചതുപോലെ ചോദ്യം ഉന്നയിക്കാൻ നസ്രാണി ഇടകൊടുത്തിട്ടില്ല. ദാവീദ് രാജാവ് നാഥാൻ പ്രവാചകനോട് ... *ഇതാ ഞാൻ ദേവതാരുകൊണ്ടുള്ള അരമനയിൽ വസിക്കുന്നു. ദൈവത്തിന്റെ നിയമപെട്ടകമോ തിരശീലകൾക്കു കീഴെ ഇരിക്കുന്നു.* ... (1 ദിന. 17. 1, *പശീത്താ*) എന്നു വിലപിക്കുന്നവരാണ് നസ്രാണികൾ. പുതിയ പള്ളികൽ ഉയർന്നുവരുന്നതിനും അവ മനോഹരമായി ചമയിക്കുന്നതിനും നസ്രാണി പണം വാരിയെറിയുന്നത് ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ. പക്ഷേ അതോടൊപ്പം, ജ്ഞാനിയായ ശലോമോൻ പറയുന്ന ദേവാലയത്തിന്റെ ഉദ്ദേശം പാലിക്കപ്പെടുന്നില്ലായെങ്കിലും, (2. ദിന. 2. 4-7, *പശീത്താ*) അതു നിർമ്മിക്കാൻ ... *ഞാൻ ആര്?* ... എന്ന ദൈവമുമ്പാകെയുള്ള തന്റെ നിസാരത മനസിലാക്കുന്നില്ലെങ്കിലും ഈ വ്യയം നിഷ്പ്രയോജനമാകും.

(*കങ്ങഴ സെന്റ് തോമസ് പള്ളി പുനർനിർമ്മാണ സോവനീർ,* ഒക്ടോബർ 2014)